## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 38** **10-02-2025 - ൽ മറുപടിയ്ക്ക്**

## മണിയാർ പദ്ധതി ഏറ്റെടുക്കാൻ സ്വീകരിച്ച നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | മണിയാറിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി. ബിൽഡ് ഓൺ ഓപ്പറേറ്റ് ട്രാൻസ്ഫർ വ്യവസ്ഥ പ്രകാരം കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി 30 വർഷത്തേക്ക് കരാറിൽ ഏർപ്പെട്ടിരുന്നോ; | (എ) | ഏർപ്പെട്ടിരുന്നു. |
| (ബി) | പ്രസ്തുത കരാറിന്റെ കാലാവധി 2024 ഡിസംബറിൽ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പൂർത്തിയായിട്ടുണ്ട്. |
| (സി) | കരാർ പ്രകാരമുള്ള കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ പദ്ധതി ഏറ്റെടുക്കാൻ കെ.എസ്.ഇ.ബി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ? | (സി) | കരാറിലെ വ്യവസ്ഥ പ്രകാരം **31.12.2024**-ൽ കാലാവധി അവസാനിക്കുന്നത് മുന്നിൽ കണ്ട് മണിയാർ പദ്ധതി ഏറ്റെടുക്കുന്നത് സംബന്ധിച്ച് 12.11.2024-ന കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിനു കെ. എസ്. ഇ. ബി. എൽ. കത്ത് നൽകിയിട്ടുണ്ട്. കമ്പനി നടത്തുന്ന വ്യാവസായിക നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 25 വർഷത്തേയ്ക്ക് കാലാവധി നീട്ടി നല്കണമെന്ന് പ്രസ്തുത കമ്പനി സർക്കാരിനോട് ആവശ്യ പ്പെട്ടിരുന്നു. കമ്പനി നടത്തുന്ന തുടർനിക്ഷേപങ്ങളുടെയും അതുവഴി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും കണക്കിലെടുത്ത് കമ്പനിയുടെ അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ്, നിയമവകുപ്പ്, വ്യവസായ വകുപ്പ് എന്നിവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. കെ.എസ്.ഇ.ബി.എൽ-ന് ദോഷകര മാകാത്തതും വ്യാവസായിക അന്തരീ ക്ഷത്തിന് ഗുണകരമാകുന്നതുമായ തീരുമാനം എടുക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ